ബോണസ്സ് അടക്കമുള്ള ഒരു ക്ഷേമപദ്ധതി, ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നിയമം മന്ത്രിസഭ അംഗീകരിച്ച് നിയമസഭയുടെ പരിഗണനയ്ക്കു വരുന്നുണ്ട്. അതിൽ ഇത് എല്ലാം കവർ ചെയ്യുന്നതാണ്. അതു പാസ്സാക്കി നടപ്പിൽ വരുത്തുമ്പോഴേയ്ക്കും, ഫാർമസിസ്റ്റുകൾ അടക്കമുള്ള മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർക്കുകൂടി അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(5) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

ശ്രീ. പി. ജെ. ജോയി: സർ, സംസ്ഥാനത്തെ നിർമ്മാണത്തൊഴിലാളികൾക്ക് ബോണസ് നൽകണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കുന്നതിനും അതിന് വരവിനത്തിൽ കിട്ടേണ്ടതായ സെസ് സമയബന്ധിതമായി പിരിച്ചെടുക്കാനും നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഇന്ന് ബോണസ് ലഭിക്കാത്ത തൊഴിലാളികളില്ല. എല്ലാ വിഭാഗം തൊഴിലാളികൾക്കും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബോണസോ ഇൻസെന്റീവോ ലഭിക്കുന്നുണ്ട്. പക്ഷേ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് അത് ലഭിക്കുന്നില്ല. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കുവാൻ, ആ ബോർഡിന് സ്ഥിരം ഓഫീസർമാർ ഉണ്ടാകത്തക്ക വിധത്തിൽ അതിന്റെ പ്രവർത്തനം ക്രമീകരിക്കാൻ, ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നുള്ള നോട്ടീസാണ് തന്നിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ബോണസിന്റെ പ്രശ്നത്തെക്കുറിച്ച് പറയാം. ഇതൊരു കേന്ദ്ര നിയമമാണ്. ഈ നിയമത്തിൽ ക്ഷേമനിധി രൂപീകരിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യവസ്ഥ ചെതിട്ടുള്ള കാര്യങ്ങളിൽ ബോണസ് നൽകുന്ന കാര്യം പ്രത്യേകം പ്രതിപാദിച്ചിട്ടില്ല; മാത്രമല്ല ബോർഡിന്റെ സാമ്പത്തിക ഭദ്രതകൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ ബോണസിനെ സംബന്ധിച്ച് എന്തെങ്കിലും ചെയ്യാൻ പറ്റൂ. ക്ഷേമപദ്ധതികളുടെ ഭാഗമല്ല ഈ ബോണസ്സ്. ബോണസ്സിന് പ്രത്യേകം തുക പിരിക്കണം. എട്ടു ലക്ഷം തൊഴിലാളികളുണ്ട്. ഇതിൽ അംഗങ്ങളായിട്ടുള്ളവർക്ക് 50 രൂപ വച്ച് ബോണസ് കൊടുത്താൽപ്പോലും ഒരു വലിയ തുക ബോണസ് ഇനത്തിൽ ആവശ്യമായി വരും. ബോണസ് കൊടുക്കുക എന്നുള്ളത് ഈ സ്കീമിൽപ്പെടുന്ന ഒരു സംഗതിയല്ല. ഹെസ്സ്റ്റ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡിലാണ് ബോണസ്സ് കൊടുക്കുന്ന ഒരു സ്കീമുള്ളത്. ശമ്പളത്തിന്റെ അഞ്ചു ശതമാനം തുക പിരിച്ചെടുത്താണ് അവർക്ക് ബോണസ് നൽകുന്നത്. ഈ ക്ഷേമനിധി ബോർഡിൽ അങ്ങനെയൊരു തുക പ്രത്യേകമായി പിരിക്കാത്തതുകൊണ്ട് ബോണസ് നൽകുന്നതിനെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ ബാധ്യത ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ളതുകൂടി കണക്കിലെടുത്തുകൊണ്ട് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly